Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 2/19** **06-07-2019**

**എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരി അതിരൂപതയിലെ ബഹു. വൈദികർക്കും, സമർപ്പിതർക്കും, മുഴുവൻ ദൈവജനത്തിനും നല്കുന്ന സർക്കുലർ.**

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

2019 ജൂൺ 27-ാം തീയതി നമ്മുടെ അതിരൂപതയെ സംബന്ധിക്കുന്ന ചില സുപ്രധാനമായ തീരുമാനങ്ങൾ പരിശുദ്ധ സിംഹാസനത്തിൽ നിന്ന് ലഭിച്ച വിവരം നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. കഴിഞ്ഞ രണ്ടു വർഷങ്ങളായി നമ്മുടെ അതിരൂപതയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന, ക്രിസ്തീയ ചൈതന്യത്തിനു നിരക്കാത്തതും സഭയുടെ അച്ചടക്കത്തിനു ചേരാത്തതുമായ ചില സംഭവ വികാസങ്ങൾ നമ്മെയെല്ലാം ഒത്തിരി വേദനിപ്പിക്കുന്നുണ്ടല്ലോ. അതിരൂപതയിൽ നടന്ന ഭൂമി വില്പനയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഈ പ്രശ്നങ്ങളിലേക്ക് വഴി തെളിച്ചത്. എന്നാൽ, ഏതൊരു പ്രശ്നത്തിനും ക്രിസ്തീയ അരൂപിയിലുള്ള പരിഹാരമാർഗങ്ങളാണ് ക്രിസ്തു ശിഷ്യരായ നാം സ്വീകരിക്കേണ്ടത്. ലോകത്തിന്റെ രീതിയിലുള്ള പ്രവർത്തനങ്ങളും പ്രതിഷേധങ്ങളും ഒന്നിനും പരിഹാരമാവുകയില്ല.

ഈ പ്രശ്നങ്ങളോടെല്ലാം ഒരു തുറന്ന മനോഭാവമാണ് അതിരൂപത അദ്ധ്യക്ഷനെന്ന നിലയിൽ എന്നും ഞാൻ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് വൈദിക സമിതിയിൽ ഭൂമിയിടപാടുമായി ബന്ധപ്പെട്ട ആശങ്കകൾ അവതരിപ്പിക്കപ്പെട്ടപ്പോൾ അതു പഠിക്കാനായി വൈദികരുടെ തന്നെ ഒരു കമ്മിറ്റിയെ നിയമിച്ചത്. അതിനുശേഷവും പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ വന്നപ്പോൾ സിനഡിന്റെ നിർദ്ദേശപ്രകാരം ആവശ്യമായ അധികാരങ്ങൾ നൽകിക്കൊണ്ട് അതിരൂപതയുടെ സാധാരണ നിലയിലുള്ള ഭരണം സഹായമെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനെ ഏല്പ്പിക്കുകയുണ്ടായി. അതുകൊണ്ടും പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെവന്ന സാഹചര്യത്തിലാണ് റോമിൽ നിന്ന് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിനെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി മാർപാപ്പ നിയമിച്ചത്. പ്രശ്നപരിഹാരത്തിനുവേണ്ടി റോമിന്റെ നിർദ്ദേശമനുസരിച്ച് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് നിയമിച്ച ഇഞ്ചോടി കമ്മീഷനോട് ഞാൻ പൂർണ്ണമായി സഹകരിക്കുകയും, വസ്തു വില്പനയുമായി ബന്ധപ്പെട്ട് സംഭവിച്ച കാര്യങ്ങളെല്ലാം അവരോട് തുറന്നു പറയുകയും ചെയ്തിട്ടുണ്ട്.

സ്ഥലം വില്പ്പനയുമായി ബന്ധപ്പെട്ട് ഏറെ തെറ്റിദ്ധാരണകൾ പ്രചരിച്ചിട്ടുണ്ട് എന്ന് നമുക്കറിയാം. അതെല്ലാം ഈ സർക്കുലറിൽ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഭൂമിയിടപാടിൽ അതിരൂപതയുടെ പൊതു നന്മയല്ലാതെ അതിരൂപതയ്ക്ക് നഷ്ടം വരുത്തുന്ന ഒരു നടപടിയും ഞാൻ സ്വീകരിച്ചിട്ടില്ലെന്ന് എന്റെ മനസാക്ഷിയനുസരിച്ച് എനിക്കു പറയാൻ സാധിക്കും. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പരിശുദ്ധ സിംഹാസനത്തിനു സമർപ്പിച്ചിട്ടുണ്ടല്ലോ. ആഗസ്റ്റ് മാസം നടക്കുന്ന സിനഡിൽ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠനവിഷയമാക്കുന്നതാണ്.

2019 ജൂൺ 27-ാം തീയതി പരിശുദ്ധ സിംഹാസനത്തിൽ നിന്ന് നല്കപ്പെട്ട കല്പനയിലൂടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ശുശ്രൂഷ സമാപിച്ചതും നമ്മുടെ അതിരൂപതയിലെ രണ്ട് സഹായമെത്രാന്മാരെയും അതിരൂപതയുടെ സഹായമെത്രാൻ സ്ഥാനത്തു നിന്ന് മാറ്റിനിർത്തിയതുമായ തീരുമാനങ്ങൾ അതേപടി സ്വീകരിക്കുന്നതിന് പലർക്കും പ്രയാസമുള്ളതായി മനസിലാക്കുന്നു. ഈ തീരുമാനം എന്റെ തീരുമാനമായാണ്

മറുപുറം

പലരും വ്യാഖ്യാനിക്കുന്നത്. എന്നാൽ, ഇത് എന്റെ തീരുമാനമല്ല, മറിച്ച്, പരിശുദ്ധ പിതാവിന്റെ നേരിട്ടുള്ള തീരുമാനമാണെന്ന കാര്യം എല്ലാവരും മനസിലാക്കണം. പരിശുദ്ധ സിംഹാസനത്തിന്റെ തീരുമാനത്തിനുള്ള കാരണങ്ങൾ എന്താണെന്ന് എന്നെ അറിയിച്ചിട്ടില്ല. എങ്കിലും, ഇതേക്കുറിച്ച് ഞാൻ മനസിലാക്കുന്നത് നമ്മുടെ അതിരൂപതയിലുണ്ടായ പ്രശ്നങ്ങളെയും വിഭാഗീയതകളെയും കുറിച്ച് വിവിധ തലങ്ങളിലും സ്രോതസുകളിലും നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും വത്തിക്കാൻ നടത്തിയ ചില അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കാം ഇത്തരമൊരു തീരുമാനം ഉണ്ടായത് എന്നാണ്.

പരിശുദ്ധ പിതാവിന്റെ തീരുമാനങ്ങളെക്കുറിച്ച് പല തെറ്റിദ്ധാരണകളും പ്രചരിപ്പിച്ച് ദൈവജനത്തെ വിഭാഗീയതയിലേക്കു നയിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട് എന്നത് വേദനാജനകമായ ഒരു വസ്തുതയാണ്. ഈ അവസരത്തിൽ, സഭാവിശ്വാസികൾ എല്ലാവരും ഈ വിഭാഗീയതകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് അതിരൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഒരു വിധത്തിലും സഭാവിരുദ്ധ പ്രവർത്തനങ്ങളോട് സഭാമക്കളായ ആരും സഹകരിക്കുകയോ അവയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്.

യേശുവിന്റെ പ്രബോധനങ്ങൾക്ക് വിരുദ്ധമായുള്ള പ്രശ്നപരിഹാര മാർഗങ്ങളൊന്നും ക്രൈസ്തവമല്ല. അതിനാൽ, യേശുവിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും അനുസരണത്തിന്റെയും പ്രബോധനങ്ങൾ മുറുകെപിടിച്ചുകൊണ്ട് പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്താൻ എല്ലാ വൈദികരും സന്യസ്തരും വിശ്വാസികളും ഒരുമിച്ചു നില്ക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. സഭയിലെ അഭിഷിക്തരായ വൈദികർ ഏത് പ്രതികൂല സാഹചര്യങ്ങളിലും ഉദാത്തമായ ക്രൈസ്തവ ജീവിത മാതൃക നൽകാൻ വിളിക്കപ്പെട്ടവരാണ്. അതിനാൽ, തങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന അജപാലന അധികാരം ഉപയോഗപ്പെടുത്തി സഭാനിയമങ്ങൾക്കും സഭാസംവിധാനങ്ങൾക്കും വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അവയ്ക്ക് നേതൃത്വം കൊടുക്കുകയോ ചെയ്യരുതെന്ന് ബഹുമാനപ്പെട്ട വൈദികരെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

അതിരൂപതയുടെ അജപാലനപരമായ നടത്തിപ്പിന് സഹായകമായ തീരുമാനങ്ങൾ അടുത്ത സിനഡിൽ ചർച്ചയ്ക്കെടുക്കുന്നതാണ്. തീർച്ചയായും നമ്മുടെ അതിരൂപതയ്ക്ക് നന്മയായ തീരുമാനങ്ങൾ ഉണ്ടാകും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ. പരിശുദ്ധ സിംഹാസനം നിർദ്ദേശിക്കുന്നതനുസരിച്ച് സഭയുടെ സ്ഥിരം സിനഡിനോട് ആലോചിച്ച് അതിരൂപതാ ഭരണം നടത്തുവാൻ ഞാൻ ആരംഭിച്ചു കഴിഞ്ഞു. ക്രമേണ സഭയുടെ നടപടിക്രമങ്ങൾ അനുസരിച്ച് പ്രത്യേക ഭരണാധികാരങ്ങളോടു കൂടിയ ഒരു മെത്രാനെ നിയമിച്ച് അതിരൂപതയുടെ വളർച്ചയും അജപാലന ഭദ്രതയും ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അതിനാൽ, അതിരൂപതയുടെ ഭാവിപ്രവർത്തനങ്ങളിലേക്ക് ശ്രദ്ധതിരിച്ച് നമുക്ക് ഒന്നു ചേർന്ന് മുന്നോട്ടു പോകാം. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അതിരൂപതയിൽ സ്നേഹവും കൂട്ടയ്മയും വർദ്ധമാനമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. സമാധാനത്തിന്റെ ആത്മാവ് നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും ഭരിക്കട്ടെ. തിരുഹൃദയ നാഥന്റെ കാരുണ്യവും കൃപയും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ G. Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**
എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത

MAJOR ARCHEPARCHIAL CURIA · ERNAKULAM-ANGAMALY ·

................................................

N.B: ഈ സർക്കുലർ **2019 ജൂലൈ 14**-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.